(ഡി) ഉണ്ട്. 15 മീറ്റർവരെ ഉയരമുള്ള കെട്ടിടങ്ങൾക്കുള്ള എൻ.ഒ.സി. ഡിവിഷണൽ ഓഫീസർമാർ/അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർമാർ എന്നിവർക്ക് പരിശോധന നടത്തി നൽകാവുന്നതാണ്. അപാകതകളില്ലാത്ത അപേക്ഷയിൻമേൽ കാലതാമസമില്ലാതെ എൻ.ഒ.സി. നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ) ഉണ്ട്. ആകാശ ലിഫ്റ്റുകൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

നാലാം ധനകാര്യ കമ്മീഷൻ ശിപാർശകൾ

13(*43) ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. എം. എ. വാഹീദ്:
ശ്രീ. എൻ. ശക്തൻ:
ശ്രീ. കെ. ശിവദാസൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾക്ക് നികുതി വരുമാനത്തിന്റെ വിഹിതമായി നൽകുന്ന തുകയിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇക്കാര്യത്തിൽ നാലാം ധനകാര്യ കമ്മീഷൻ എന്തൊക്കെ ശിപാർശകളാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ നിർദ്ദേശങ്ങളിൽ എന്തൊക്കെയാണ് അംഗീകരിച്ചിട്ടുള്ളത് ;

(ഡി) നിലവിൽ ലഭിക്കുന്നതിനെക്കാൾ എത്ര കോടി രൂപ അധികം ലഭ്യമാക്കാൻ കഴിയുംവിധമാണ് ധനകാര്യ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) നികുതി വിഹിതം നൽകുന്നതിനുപുറമേ അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് നാലാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിരിക്കുന്നതെന്നറിയിക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി(ശ്രീ. പാലോളി മുഹമ്മദ് കുട്ടി):

(എ-ഇ) സംസ്ഥാന ധനകാര്യ കമ്മീഷൻ ഒരു സ്റ്റാറ്റ്യൂട്ടറി കമ്മീഷനാണ്. കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സർക്കാരിന്റെ പരിഗണനയിലാണ്. റിപ്പോർട്ടും നടപടി റിപ്പോർട്ടും സംസ്ഥാന നിയമസഭയിൽ സമർപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly